# കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

**www.ksad.kerala.gov.in**

# മൈലപ്ര ഗ്രാമപഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട്

**2019-2020**

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
## ജില്ലാ ഓഡിറ്റ് കാര്യാലയം

**പത്തനംതിട്ട-689645**

**ഇ-മെയിൽ: dopta.ksad@kerala.gov.in**

**ഫോൺ : 0468-2223691**

(രജിസ്റ്റർ ചെയ്തു കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ.പി.റ്റി.എ.പി 9 - 306/2022

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
പത്തനംതിട്ട-689645
തീയ്യതി: 24/03/2022
ഇ-മെയിൽ: dopta.ksad@kerala.gov.in
ഫോൺ: 0468-2223691

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
മൈലപ്ര ഗ്രാമപഞ്ചായത്ത്

സർ,

**വിഷയം : മൈലപ്ര ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.**

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം മൈലപ്ര ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/ തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, പത്തനംതിട്ട.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ.പി.റ്റി.എ.പി 9 - 306/2022 തീയ്യതി: 24/03/2022

## പത്തനംതിട്ട ജില്ലയിലെ മൈലപ്ര ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(**1994** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് **13 , 1996** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം **18,** (**1994** ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് **215(4)**) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

പത്തനംതിട്ട ജില്ലയിലെ മൈലപ്ര ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 20-01-2020 മുതൽ 31-03-2021 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 16 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 10 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 16 അന്വേഷണക്കുറിപ്പുകൾ നൽകിയെങ്കിലും മറുപടി ലഭ്യമായിട്ടില്ല.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. ഓഡിറ്റ് പരാമർശങ്ങൾ 14-03-2022 തിയതിയിലെ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത

ശേഷമുള്ള പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

**ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:**

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി വിജയലക്ഷ്മി പി.കെ. | ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ) | 03-03-2022 | 14-03-2022 |

**ഓഡിറ്റിന് വിനിയോഗിച്ച സമയം :**

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 03-03-2022 | 14-03-2022 |

**ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:**

ശ്രീമതി സി വീണ, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീമതി സൂര്യപ്രഭ പി.സി, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീമതി ദീപ കെ.എസ്സ്, ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ തോമസ് മാത്യൂ | പ്രസിഡന്റ് | 01-04-2019 | 31-03-2020 |
| ശ്രീ ശ്രീകാന്ത് വി | സെക്രട്ടറി | 01-04-2019 | 31-03-2020 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ മുജീബ് എസ്സ് | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2019 | 31-03-2020 |
| ഡോ. തനൂജ എം | മെഡിക്കൽ ഓഫീസർ(പി.എച്ച്.സി) | 01-04-2019 | 31-03-2020 |
| ഡോ. തൃശാല | മെഡിക്കൽ ഓഫീസർ(ഹോമിയോ) | 01-04-2019 | 31-03-2020 |
| ഡോ. അനിത സി | മെഡിക്കൽ ഓഫീസർ(ആയുർവേദം) | 01-04-2019 | 31-03-2020 |
| ശ്രീമതി മീന മേരി മാത്യൂ | കൃഷി ഓഫീസർ | 01-04-2019 | 31-03-2020 |
| ശ്രീ ദീപക്ക് കെ.സി | അസിസ്റ്റന്റ് എൻജിനിയർ | 01-04-2019 | 16-01-2020 |
| ശ്രീമതി സാവിത്രി പി.ജി | അസിസ്റ്റന്റ് എൻജിനിയർ | 17-01-2020 | 05-02-2020 |
| ശ്രീമതി സുലജ.പി | അസിസ്റ്റന്റ് എൻജിനിയർ | 06-02-2020 | 31-03-2020 |
| ശ്രീ സജീവ് റ്റി.വി | വി.ഇ.ഒ | 01-04-2019 | 31-03-2020 |
| ശ്രീമതി ശാരിക സി.ജി | എൽ.വി.ഇ.ഒ | 01-04-2019 | 31-03-2020 |

| | | | |
|---|---|---|---|
| ശ്രീമതി സിന്ധു റ്റി | ഐ.സി.ഡി.എസ്. സൂപ്പർവൈസർ | 01-04-2019 | 31-03-2020 |
| ശ്രീമതി മിനി റ്റി.ജി | ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 01-04-2019 | 31-03-2020 |
| ഡോ. ഷീന ഗ്രേസ് കോശി | വെറ്ററിനറി സർജൻ | 01-04-2019 | 31-03-2020 |

# ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബഡ്ജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യ പത്രിക | 1-2 |
| 3 | സാമ്പത്തിക വിശകലനം | 1-3 |
| 4 | ഗ്രാന്റ് വിനിയോഗം | 1-4 |
| 5 | പദ്ധതി അവലോകനം | 1-5 |
| 6 | തൊഴിലുറപ്പ് പദ്ധതി | 1-6 |
| 7 | ക്ഷേമ പെൻഷനുകൾ | 1-7 |
| 8 | ക്യാഷ് ബാലൻസ് പരിശോധന | 1-8 |
| 9 | ആഭ്യന്തര നിയന്ത്രണം | 1-9 |
| 10 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-10 |
| 11 | രസീതു പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ | 1-11 |
| 12 | കമ്മ്യൂണിക്കേഷൻ ടവറിന് പെർമിറ്റ് അനുവദിച്ചു- തുടർനടപടികളിൽ വീഴ്ച | 1-12 |
| 13 | മൊബൈൽ ടവറുകളുടെ വസ്തുനികുതി ഈടാക്കുവാൻ അവശേഷിക്കുന്നു | 1-13 |
| 14 | സേവന ഉപനികുതി ഈടാക്കുന്നില്ല. | 1-14 |
| 15 | തൊഴിൽ നികുതി,ലൈസൻസ് ഫീ എന്നിവ ഈടാക്കിയില്ല | 1-15 |
| 16 | ഗ്രാമപഞ്ചായത്തിന്റെ വാർഷിക ധനകമ്മി 60.84 ലക്ഷം രൂപ | 1-16-1 |
| 17 | തനത് വരുമാനക്കുറവ് മൂലം പ്രത്യേക ഗ്രാന്റുകൾ വകമാറ്റി ചെലവഴിക്കുന്നു | 1-16-2 |
| 18 | ഗ്രാമപഞ്ചായത്ത് ഗുരുതര സാമ്പത്തിക പ്രതിസന്ധിയിൽ | 1-16 |
| 19 | സാമൂഹ്യസുരക്ഷാ പെൻഷൻ - അപാകതകൾ | 1-17 |
| 20 | പതിനഞ്ച് വർഷങ്ങൾ കഴിഞ്ഞിട്ടും വാങ്ങിയ വസ്തു പേരിൽക്കൂട്ടിയില്ല | 1-18 |

| | | |
|---|---|---|
| 21 | പബ്ലിക് മാർക്കറ്റിനായി വാങ്ങിയ ഭൂമി- വിസ്തീർണ്ണ വ്യത്യാസം പരിഹരിക്കുവാൻ നടപടിയില്ല | 1-19 |
| 22 | ഗ്രാമപഞ്ചായത്ത് ലൈബ്രറികൾ- അവലോകനം | 1-20 |
| 23 | വന്യമൃഗങ്ങളിൽ നിന്നും കൃഷി സംരക്ഷിക്കൽ- ലഭിച്ച ഫണ്ട് പ്രയോജനപ്പെടുത്തിയില്ല | 1-21 |
| 24 | ട്രഷറി അക്കൗണ്ടിൽ ചെലവഴിക്കാതെ ശേഷിക്കുന്നത് 26.5ലക്ഷം രൂപ | 1-22 |
| 25 | ഗുണഭോക്തൃവിഹിതം തിരികെ നൽകിയതിന് കൈപ്പറ്റ് രേഖയില്ല | 1-23 |
| 26 | ലൈഫ് ഭവന പദ്ധതി- ഭവന നിർമ്മാണം പൂർത്തീകരിച്ചില്ല | 1-24 |
| 27 | ബാലസഭ-തുക ചെലവഴിച്ചില്ല | 1-25 |
| 28 | അഗതി രഹിത കേരളം-പദ്ധതി ലക്ഷ്യം കൈവരിച്ചില്ല | 1-26 |
| 29 | സെൽഫ് ഡിക്ലറേഷൻ ഫോം ഹാജരാക്കിയില്ല | 1-27 |
| 30 | വെള്ളക്കരം-സംയുക്ത പരിശോധന നടത്തുന്നില്ല | 1-28 |
| **ഭാഗം 2** | | |
| --- No Records Found --- | | |
| **ഭാഗം 3** | | |
| --- No Records Found --- | | |
| **ഭാഗം 4** | | |
| 1 | സംയുക്ത പ്രോജക്റ്റുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| 2 | നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരം | 4-2 |
| 3 | മൊബിലൈസേഷൻ അഡ്വാൻസ് | 4-3 |
| 4 | വായ്പ/വായ്പാ തിരിച്ചടവ് | 4-4 |
| 5 | സ്ഥിര നിക്ഷേപം | 4-5 |
| 6 | ഓഡിറ്റ് റിക്കവറി | 4-6 |
| 7 | സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ടിട്ടുള്ള ഖണ്ഡികകളുടെ വിശദാംശം | 4-7 |

| | | |
|---|---|---|
| 8 | ചാർജ്ജ്/സർചാർജ്ജ് നടപടികളുടെ വിവരം | 4-8 |
| 9 | ഓഡിറ്റ് പ്രത്യവലോകനം | 4-9 |
| 10 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-10 |
| **അനുബന്ധം** | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1
# പൊതു അവലോകനം

## 1-1 ബഡ്ജറ്റ്

2019-20 വർഷത്തെ ബഡ്ജറ്റ് 15.02.2019-ലും പുതുക്കിയ ബഡ്ജറ്റ് 05.02.2020 ലും അംഗീകരിച്ചിട്ടുണ്ട്.

## 1-2 വാർഷിക ധനകാര്യ പത്രിക

ഷെഡ്യൂൾ ബി2:-മുൻവർഷത്തെ തുക തന്നെയാണ് തൻവർഷവും ക്യാപ്പിറ്റൽ കോൺട്രിബ്യൂഷൻ ആയി കാണി

ഷെഡ്യൂൾ ബി4:- ടി ഷെഡ്യൂളിലെ വിവിധ ഗ്രാന്റുകളുടെ നീക്കിയിരിപ്പ് പരിശോധിക്കുന്നതിന് ACR സൂക്ഷിച്ചിട്ടില്ല.

ഷെഡ്യൂൾ ബി5 :- വായ്പ ഇനത്തിൽ അവശേഷിക്കുന്ന തുക കൃത്യമല്ല. ഷെഡ്യൂളിൽ കാണിച്ചിട്ടുള്ള 179176 നിന്നും സോഴ്സിൽ നിന്നും കുറവ് ചെയ്ത ലൈഫ് ഭവന പദ്ധതി വായ്പാ തിരിച്ചടവ് തുക 88236 രൂപ കുറവ് ചെയ്തിട്ടില്ല

ഷെഡ്യൂൾ ബി 15, RP 43, I-1 എന്നിവ പ്രകാരമുള്ള വസ്തുനികുതി കണക്കുകൾ സഞ്ചയയിലെ തു പൊരുത്തപ്പെടുന്നില്ല.

ഷെഡ്യൂൾ ബി-18 പ്രകാരം പി.ഡബ്ല്യു.ഡി യിൽ 26475 രൂപയുടെ നിക്ഷേപം ഉണ്ട്.എന്നാൽ വിശദാംശം സംബന്ധ എഴുതി സൂക്ഷിച്ചിട്ടില്ല.

ഷെഡ്യൂൾ ബി-17 പ്രകാരം ജോയിന്റ് വെഞ്ചർ തുക 2653839 രൂപയും ഷെഡ്യൂൾ ബി-4 പ്രകാരം ജോയിന്റ് വെ 2753839 രൂപയുമാണ്.

വികസന ഫണ്ട് - ജനറൽ വിഭാഗത്തിൽ സ്രോതസ്സിൽ കുറവ് ചെയ്ത തുകകൾ വാർഷിക കണക്കിൽ വരവിലും ഉൾപ്പെട്ടിട്ടില്ല.
തൊഴിൽ നികുതി, ലൈസൻസ് ഫീ എന്നീ ഇനങ്ങളിലെ തുക വാർഷിക ധനകാര്യപത്രികയിലെ തു പൊരുത്തപ്പെടുന്നില്ല.

## 1-3 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 5106150 |
| വരവ് | 30573661 |
| ആകെ | 35679811 |

| | |
|---|---|
| ചെലവ് | 29999927 |
| നീക്കിയിരിപ്പ് | 5679884 |

## 1-4 ഗ്രാന്റ് വിനിയോഗം

| ഗ്രാന്റ് | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് | ട്രഷറി ക്യൂ ബിൽ | ലാപ്സായ തുക |
|---|---|---|---|---|---|---|---|
| വികസനഫണ്ട് (ജനറൽ) | 0 | 4887000 | 4887000 | 4584166 | 302834 | 0 | |
| വികസനഫണ്ട് (എസ്.സി.പി) | 0 | 3103000 | 3103000 | 2395271 | 707729 | 0 | |
| വികസനഫണ്ട്(ട്രി.എസ്.പി) | 0 | 0 | 0 | 0 | 0 | 0 | 0 |
| ധനകാര്യകമ്മീഷൻ ഗ്രാന്റ് (CFC-Untied) | 0 | 3736921 | 3736921 | 2229894 | 1507027 | 0 | 0 |
| ധനകാര്യകമ്മീഷൻ ഗ്രാന്റ് (CFC-Tied) | 0 | 0 | 0 | 0 | 0 | 0 | 0 |
| മെയിന്റനൻസ് ഗ്രാന്റ്-റോഡ് | 0 | 7280000 | 7280000 | 3613125 | 3666875 | 0 | 0 |
| മെയിന്റനൻസ് ഗ്രാന്റ്-റോഡിതരം | 0 | 3251000 | 3251000 | 1707414 | 1543586 | 0 | 0 |
| കേന്ദ്രാവിഷ്കൃത ഫണ്ട് | | | | | | | |
| എം.ജി.എൻ. ആർ.ജി.എസ്സ് | 2950 | 10728031 | 10730981 | 10724273 | 6708 | | |
| ഐ.സി.ഡി.എസ്സ് | 471135 | 350457 | 821592 | 34503 | 787089 | | |
| സംസ്ഥാനാവിഷ്കൃത ഫണ്ട് | | | | | | | |
| സാക്ഷരത | 195 | 0 | 195 | 0 | 195 | | |
| ശുചിത്വ മിഷൻ | 3392698 | 37390 | 3430088 | 590418 | 2839670 | | |

ഗ്രാന്റ് വിനിയോഗ സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള വികസനഫണ്ട് ജനറലിലെ വരവ് തുകയിലും ചെലവ് സ്രോതസ്സിൽ നിന്നും കുറവ് ചെയ്ത ചുവടെ ചേർത്തിരിക്കുന്ന തുകകൾ ഉൾപ്പെട്ടിട്ടില്ല.

1)ലൈഫ് മിഷൻ വായ്പ മുതൽ തിരിച്ചടവ്-88235+88236

2)2018-19ൽ അങ്കണവാടി ജീവനക്കാരുടെ പ്രതിഫല ഇനത്തിൽ ഈടാക്കുന്ന തുക-277200

3)കേരള ഇലക്ട്രിസിറ്റി ബോർഡിന് അടയ്ക്കേണ്ട കുടിശ്ശിക തുക-65

## 1-5 പദ്ധതി അവലോകനം

### ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|
| 135 | 33770884 | 89 | 17010782 | 46 | 65.92 |

നിർവ്വഹണ ഉദ്യോഗസ്ഥരുടെ ചെലവിന്റെ വിശദാംശം ചുവടെ ചേർക്കുന്നു.

| നിർവ്വഹണ ഉദ്യോഗസ്ഥൻ | ആകെ പ്രോജക്ടുകൾ | നടപ്പിലാക്കിയത് | വകയിരുത്തിയ തുക | ചെലവഴിച്ച തുക | ചെല % |
|---|---|---|---|---|---|
| കൃഷി ഓഫീസർ | 6 | 5 | 2174500 | 661550 | 30.4 |
| വെറ്ററിനറി സർജൻ | 9 | 9 | 1268000 | 1003800 | 79 |
| മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) | 3 | 3 | 456600 | 400160 | 88 |
| മെഡിക്കൽ ഓഫീസർ (ഹോമിയോ) | 1 | 1 | 200000 | 200000 | 100 |
| മെഡിക്കൽ ഓഫീസർ (ആയുർവേദം) | 2 | 2 | 500000 | 500000 | 100 |
| വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | 8 | 8 | 6366140 | 3407448 | 54 |
| ഐ.സി.ഡി.എസ്.സൂപ്പർവൈസർ | 7 | 6 | 1986706 | 1720615 | 87 |
| സെക്രട്ടറി | 22 | 17 | 3462878 | 2007772 | 58 |

| | | | | | |
|---|---|---|---|---|---|
| അസിസ്റ്റന്റ് എൻജിനീയർ | 72 | 33 | 16141060 | 6118666 | 38 |
| ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 1 | 1 | 350000 | 287168 | 82 |
| അസിസ്റ്റന്റ് സെക്രട്ടറി | 4 | 4 | 865000 | 703603 | 81 |

## 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണച്ചെലവ് | 2950 | 665495 | 668445 | 661737 | 6708 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | 0 | 10062536 | 10062536 | 10062536 | 0 |
| ആകെ | 2950 | 10728031 | 10730981 | 10724273 | 6708 |

## 1-7 ക്ഷേമ പെൻഷനുകൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങ കൊടുക്കുന്നു.

| **ക്ഷേമപദ്ധതിയുടെ പേര്** | **ചെലവഴിച്ച തുക** | **ഗുണഭോക്താക്കളുടെ എണ്ണം** |
|---|---|---|
| കർഷകതൊഴിലാളി പെൻഷൻ | 424200 | 114 |
| വിധവാപെൻഷൻ | 1125000 | 314 |
| വാർദ്ധക്യകാല പെൻഷൻ | 2577900 | 745 |
| മാനസിക ശാരീരിക വെല്ലുവിളി നേരിടുന്നവർക്കുള്ള പെൻഷൻ | 345600 | 77 |

| | | |
|---|---|---|
| അവിവാഹിതരായ 50 വയസ്സിനുമേൽ പ്രായമുള്ള സ്ത്രീകൾക്കുള്ള പെൻഷൻ | 39600 | 12 |
| തൊഴിൽ രഹിത വേതനം | 19560 | 14 |

## 1-8 ക്യാഷ് ബാലൻസ് പരിശോധന

1994 ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4) വകുപ്പു പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 10.03.202 ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 6591 (ആറായിരത്ത തൊണ്ണൂറ്റിയൊന്ന് രൂപ മാത്രം ) രൂപയുടെ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തര നിയന്ത്രണം

ആഭ്യന്തര നിയന്ത്രണം പൊതുവെ തൃപ്തികരമാണ്. എല്ലാ ബാങ്ക് അക്കൗണ്ടുകളുടെ കണക്കുകളും മാ റെക്കൺസിലിയേഷൻ നടത്തുന്നുണ്ട്. വിവിധ വരവിനങ്ങൾ സംബന്ധിച്ച രജിസ്റ്ററുകൾ സൂക്ഷിക്കുന്ന വർഷാന്ത്യം ഡിസിബി തയ്യാറാക്കിയിട്ടുള്ളത് സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടില്ല. ആസ്തി രജിസ്റ്റർ കാലിക വരുമാനം കുറവായ പഞ്ചായത്തിൽ പുതിയ വരുമാനം കണ്ടെത്തുന്നതിനും ചെലവുകൾ കുറയ്ക്കുന്ന പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കേണ്ടതായിട്ടുണ്ട്.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് പുറപ്പെടുവിച്ച തീയതി |
|---|---|---|---|

| | | | |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 25.10.2021 മുതൽ 26.10.2021 വരെ | 2/2020-3/2021 | 26.10.2021 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 26.03.2019 | 2014-15 മുതൽ 2018-19 വരെ | 24.05.2019 |

## 1-11 രസീതു പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ

ഗ്രാമപഞ്ചായത്തിലെ 2019-20 സാമ്പത്തിക വർഷത്തെ രസീതു പരിശോധനയിൽ ശ്രദ്ധയിൽപ്പെട്ട അപാകതം ചേർക്കുന്നു.

1)സാമ്പത്തിക വർഷം പൂർത്തിയാകുന്ന മുറയ്ക്ക് ഉപയോഗിക്കാതെ അവശേഷിക്കുന്ന രസീതുകൾ അതാത് ഉദ്യോഗസ്ഥർ ക്രമപ്രകാരം റദ്ദ് ചെയ്ത് സാക്ഷ്യപ്പെടുത്തേണ്ടതും തൻവർഷം പഞ്ചായത്തിൽ നിന്നും ഉദ്യോഗസ്ഥർക്ക് നൽകിയ എല്ലാ രസീതു ബുക്കുകളും വർഷാന്ത്യത്തിൽ പഞ്ചായത്തിൽ തിരികെ ഏൽപ്പിക്കേ എന്നാൽ മേൽ നടപടിക്രമം പാലിച്ചിട്ടില്ല.

2)ക്യാൻസൽ ചെയ്ത രസീതുകൾ സെക്രട്ടറി സാക്ഷ്യപ്പെടുത്തുന്നില്ല.

ഉദാ:- 1 .രസീതു നംപർ: 119040101683 തീയതി 15.11.2019

2. രസീതു നംപർ : 119040100059 തീയതി 16.04.2019

3)നിർവഹണ ഉദ്യോഗസ്ഥർക്ക് നൽകുന്ന രസീതു ബുക്കിൽ സർട്ടിഫിക്കറ്റ് - ഓഫ് - കൗണ്ട് രേഖപ്പെടുത്തുന്നില്ല.

ഉദാ: 9794,9796.

## 1-12 കമ്മ്യൂണിക്കേഷൻ ടവറിന് പെർമിറ്റ് അനുവദിച്ചു- തുടർനടപടികളിൽ വീഴ്ച

ഗ്രാമപഞ്ചായത്തിലെ മൂന്നാം വാർഡിൽ റിലയൻസ് ജിയോ ഇൻഫോകോം ലിമിറ്റഡിന്റെ കമ്മ്യൂണിക്കേ
സ്ഥാപിക്കുന്നതിനായി പെർമിറ്റ് നൽകിയിട്ടുണ്ട്(M3-BA/7435/2020/15.02.2020) അപേക്ഷ ഫീസിനത്തിൽ 1000 രൂപയ
ഫീസിനത്തിൽ 10000/(07.02.2020) രൂപയും ഈടാക്കിയിട്ടുണ്ട്. എന്നാൽ കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ച
87(6) പ്രകാരം പോൾ സ്ട്രക്ചറിന് 2500 രൂപ ഫീസ് ഈടാക്കിയിട്ടില്ല.

ടവർ സ്ഥാപിക്കുന്നതിനുള്ള അപേക്ഷ 13/10/2018-ന് സമർപ്പിച്ചിരുന്നുവെങ്കിലും റിലയൻസ് ജിയോ ഇ
ലിമിറ്റഡിന്റെ മറ്റൊരു മൊബൈൽ ടവറിന്റെ വസ്തു നികുതി കുടിശ്ശിക ഒടുക്കാത്തതിനാൽ കമ്മിറ്റി തീരുമ
പെർമിറ്റ് നൽകിയിരുന്നില്ല. നിയമാനുസൃത 30 ദിവസ സമയപരിധിക്കുള്ളിൽ പെർമിറ്റ് അനുവ
നിരസിച്ചതായോ അറിയിക്കാത്തതിനാൽ ഡീംഡ് പെർമിറ്റ് ലഭിച്ചതായി കണക്കാക്കി നിർമ്മാണ പ്ര
ആരംഭിച്ചതായി കമ്പനി അധികൃതർ 12/11/18-ൽ സെക്രട്ടറിയെ അറിയിച്ചിട്ടുണ്ട്. 24/07/2019-ൽ കെട്ടിട
പെർമിറ്റുമായി ബന്ധപ്പെട്ട് നടന്ന ജില്ലാ തല അദാലത്തിലെ തീരുമാന പ്രകാരം റിലയൻസ് വസ്തു നികുതി കുടി
വരുത്തിയതിനാൽ 15/02/2020-ൽ പെർമിറ്റ് അനുവദിച്ചു. ടി പെർമിറ്റിന്റെ കാലാവധി 14/02/2021-ൽ പൂർത്തി
പെർമിറ്റ് പുതുക്കി നൽകിയിട്ടില്ല. ടവറിന്റെ വസ്തു നികുതി നിർണ്ണയിച്ചിട്ടുമില്ല. ടവറിന്റെ
പൂർത്തീകരിച്ചിട്ടുണ്ടോ എന്ന് പരിശോധിച്ച് വിശദാംശം ഓഡിറ്റിനെ അറിയിക്കണമെന്ന് ആവശ്യപ്പെട്ട് നൽക
എൻകയറിയ്ക്ക് (11/10.03.2022) മറുപടി ലഭ്യമാക്കിയിട്ടില്ല. ടവറിന്റെ നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ടെ
മീറ്റിംഗിൽ ഗ്രാമപഞ്ചായത്ത് വൈസ് പ്രസിഡന്റ് ഓഡിറ്റിനെ അറിയിച്ചിട്ടുണ്ട്. കെട്ടിട നിർമ്മാണ
അനുവദിക്കുന്നതിൻമേൽ യഥാസമയം തുടർനടപടികൾ ഉണ്ടാകുന്നില്ല. ടവറുകൾ നിർദ്ദിഷ്ട ആ
ഉപയോഗപ്പെടുത്തിയിട്ടും യഥാസമയം വസ്തുനികുതി നിർണ്ണയിച്ച് ഈടാക്കാത്തതിനാൽ ഗ്രാമപഞ്ചായത്തിന് വ
നഷ്ടം ഉണ്ടായിട്ടുണ്ടെന്ന് വ്യക്തമാണ്. കെട്ടിട നിർമ്മാണ ചട്ടങ്ങൾ അനുശാസിക്കുന്ന വിധത്തിൽ
പൂർത്തിയാക്കിയിട്ടുണ്ടോ എന്ന് പരിശോധിക്കേണ്ടതും 2011-ലെ കേരള പഞ്ചായത്ത് രാജ് (വസ്തുനികുതിയ
ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങൾ അനുസശാസിക്കും പ്രകാരം വസ്തു നികുതി ഈടാക്കി വിശദാംശം
അറിയിക്കേണ്ടതുമാണ്.

## 1-13 മൊബൈൽ ടവറുകളുടെ വസ്തുനികുതി ഈടാക്കുവാൻ അവശേഷിക്കുന്നു

തദ്ദേശ സ്വയം ഭരണ (ആർ.ഡി) വകുപ്പിന്റെ 14.01.2011 ലെ സർക്കാർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ
ടവറുകളുടെ വസ്തുനികുതി ചതുരശ്ര മീറ്ററിന് 500/- രൂപയായി നിജപ്പെടുത്തിയിട്ടുള്ളതാണ്. ബന്ധപ്പെ
പരിശോധിച്ചതിൽ നിന്നും ഗ്രാമ പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന ആറ് മൊബൈൽ
ബി.എസ്സ്.എൻ.എൽ(2 ടവറുകൾ), റിലയൻസ് കമ്മ്യൂണിക്കേഷൻസ് ലിമിറ്റഡ് എന്നീ കമ്പനികളുടെ നികുതി
ഈടാക്കിയിട്ടില്ല. സർക്കാരിന്റെ 15.11.2021-ലെ ആർ.സി. 2195/2021/ ത.സ്വ.ഭ.വ നമ്പർ കത്ത്

ബി.എസ്.എൻ.എല്ലിന്റെ വസ്തുനികുതി കുടിശ്ശിക അടവാക്കുന്നതിന് 15.03.2022 വരെ സാവകാശം അനുവദിച്ച
റിലയൻസ് കമ്മ്യൂണിക്കേഷൻസ് മൊബൈൽ ടവറിന്റെ വിശദാംശം ചുവടെ ചേർക്കുന്നു.

| കമ്പനിയുടെ പേര് | ലൊക്കേഷൻ | വിസ്തീർണ്ണം | വസ്തുനികുതി കുടിശ്ശിക |
|---|---|---|---|
| റിലയൻസ് കമ്മ്യൂണിക്കേഷൻസ് ലിമിറ്റഡ് | 2/35 എ | 37. 41 | (76602രൂപ) |

കുടിശ്ശിക വസ്തുനികുതി പിരിച്ചെടുക്കുന്നതിന് നിയമാനുസൃത നടപടി ക്രമങ്ങൾ പാലിക്കേണ്ടതാണ്. ഓൺലൈ
റിക്കവറി നടപടികൾ സ്വീകരിച്ച് അവശേഷിക്കുന്ന കുടിശ്ശിക ഈടാക്കി വിവരം ഓഡിറ്റിൽ ലഭ്യമാക്കേണ്ടതാ

## 1-14 സേവന ഉപനികുതി ഈടാക്കുന്നില്ല.

2011 ലെ കേരള പഞ്ചായത്ത് രാജ് (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും)ചട്ടങ്ങൾ പ്രകാരം പ്രദേശത്ത് സ്ഥിതി ചെയ്യുന്നതും നിയമത്തിലെ 207 (1) ഉപവകുപ്പ് പ്രകാരം സേവന ഉപനികുതിയ ഒഴിവാക്കിയിട്ടില്ലാത്തതുമായ കെട്ടിടങ്ങളിൽ നിന്നും പഞ്ചായത്ത് നിശ്ചയിക്കുന്ന നിരക്കിൽ ചുമത്താവുന്നതാണ്. ശുചിത്വ പരിപാലനം, ജലവിതരണം, ഡ്രയിനേജ് എന്നിവ ഏർപ്പെടുത്തുന്നതിന് വസ്തുനി 10%-ൽ കുറയാത്ത സേവന ഉപനികുതി ചുമത്താവുന്നതാണ്. എന്നാൽ തനതു വരുമാനം വളരെ കുറവാ പഞ്ചായത്തിൽ സേവന ഉപനികുതി ഈടാക്കുന്നില്ല. ടി. വിഷയം ഭരണ സമിതിയുടെ ശ്രദ്ധയിൽപ്പെടുത്തു കമ്മിറ്റിയിൽ ചർച്ചചെയ്ത് ഉചിതമായ നടപടികൾ കൈക്കൊള്ളാവുന്നതാണെന്ന് ഓഡിറ്റ് അഭിപ്രായപ്പെടുന്നു.

## 1-15 തൊഴിൽ നികുതി,ലൈസൻസ് ഫീ എന്നിവ ഈടാക്കിയില്ല

പഞ്ചായത്ത് രാജ് നിയമം 204-ാം വകുപ്പ് , 1996 ലെ തൊഴിൽ നികുതി ചട്ടങ്ങളിലെ 3, 4 എന്നിവ പ്രക അർദ്ധവർഷത്തിലും 60 ദിവസത്തിൽ കുറയാത്ത കാലം ഒരു പഞ്ചായത്ത് പ്രദേശത്ത്. ഇടപാടുകൾ നടത്തുന സ്ഥാപനം, ബിസിനസ്സ്, തൊഴിൽ, കല, ജോലി,ഉദ്യോഗം, എന്നിവ ചെയ്യുന്ന ഏതൊരാളിൽ നിന്നു ഈടാക്കാവുന്നതാണ്.എന്നാൽ പഞ്ചായത്തിലെ മരാമത്ത് പ്രവൃത്തികളുടെ കരാറുകാരിൽ നിന്നും 2019 തൊഴിൽ നികുതി ഈടാക്കിയില്ല. കരാറുകാരുടെ പേര് വിവരം ചുവടെ ചേർക്കുന്നു.

1.എസ്.ഹരിലാൽ, പള്ളം പ്ലാവിൽ

2.ഷാഹില കൺസ്ട്രക്ഷൻസ്

3.വൽസല,അജിത് ഭവൻ.മലയാലപ്പുഴ.

4.ജിജി വർഗ്ഗീസ്, ഊന്നുകൽ

5.കെ.ജി. ഈശോ, കൊച്ചു മണ്ണിൽ

6.എൻ. സദാനന്ദപ്പണിക്കർ, മേക്കൊഴൂർ

7. ശമുവേൽ ഗീവർഗീസ്, പാങ്ങാട്ടു ബിൽഡേഴ്സ്, കുമ്പഴ .

അതു പോലെ പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന റേഷൻ വ്യാപാരികളിൽ നിന്നും തൊഴിൽ ലൈസൻസ് ഫീയും ഈടാക്കിയിട്ടില്ല.

നികുതി ഒടുക്കുവാൻ ബാധ്യസ്ഥരായ എല്ലാ വ്യക്തികളിൽ നിന്നും സ്ഥാപനങ്ങളിൽ നിന്നും നികുതി ഈട നടപടി സ്വീകരിക്കേണ്ടതാണ്.

## 1-16-1 ഗ്രാമപഞ്ചായത്തിന്റെ വാർഷിക ധനകമ്മി 60.84 ലക്ഷം രൂപ

ഗ്രാമപഞ്ചായത്തിന് നികുതി/നികുതിയേതര ഇനത്തിൽ ലഭിക്കുന്ന തനത് വരുമാനം, എസ്റ്റാ അഡ്മിനിസ്ട്രേറ്റീവ്/മെയിന്റനൻസ് ചെലവുകൾ നടത്തുന്നതിന് പര്യാപ്തമല്ല.

ഗ്രാമപഞ്ചായത്തിന്റെ 2019-20-ലെ തനത് വരവ് -ചെലവ് കണക്കുകൾ ചുവടെ ചേർക്കുന്നു(Income & Expend പ്രകാരമുള്ളത്). കണക്കുകൾ പ്രകാരം പഞ്ചായത്തിന്റെ ധനകമ്മി 60.84ലക്ഷം രൂപയാണ്.

| *വരവ് ഇനം* | *തുക* | *ചെലവ് ഇനം* | *തുക* |
|---|---|---|---|
| നികുതി വരുമാനം | 4108341 | എസ്റ്റാബ്ലിഷ് മെന്റ് ചെലവുകൾ | 8949657 |
| നികുതിയേതരം | 792222 | അഡ്മിനിസ്ട്രേറ്റീവ് ചെലവുകൾ | 572614 |
| പലിശ | 43145 | ഓപ്പറേഷൻസ് & മെയിന്റനൻസ് | 1503953 |
| | | ബാങ്ക് ചാർജ്ജസ് | 2134 |
| **ആകെ** | **4943708** | **ആകെ** | **11028358** |
| | | **വ്യത്യാസം** | **6084650** |

2019-20 വർഷം ജനറൽ പർപ്പസ് ഫണ്ടിനത്തിൽ 4756707 ലഭിച്ചതുകൊണ്ടാണ് എസ്റ്റാബ്ലിഷ്മെന്റ്/അഡ്മി ചെലവുകൾ നടത്തിയത്.

## 1-16-2 തനത് വരുമാനക്കുറവ് മൂലം പ്രത്യേക ഗ്രാന്റുകൾ വകമാറ്റി ചെലവഴിക്കുന്ന

തനത് ഫണ്ടിന്റെ 31.03.2020-ലെ ആകെ നീക്കിയിരിപ്പ് 3019142 രൂപയായിരുന്നു. വിവിധ കേന്ദ്ര/സസ്ഥാ പദ്ധതികൾ, ശുചിത്വമിഷൻ ഗ്രാന്റ് എന്നീ ഇനങ്ങളിൽ ലഭിക്കുന്ന ഫണ്ടുകൾ തനത് ഫണ്ടിലാണ് നിക്ഷേ പ്രസ്തുത ഇനങ്ങളിലുള്ള 31.03.2020-ലെ നീക്കിയിരിപ്പ് ചുവടെ ചേർക്കുന്നു.

| ഫണ്ട് | തുക |
|---|---|
| ഐ.സി.ഡി.എസ്. | 787089 |
| ശുചിത്വ മിഷൻ ഗ്രാന്റ് | 2839670 |
| ആകെ | 3626759 |

ഇവ കൂടാതെ തിരികെ നൽകേണ്ട സെക്യൂരിറ്റി നിക്ഷേപം ഇനത്തിൽ 332428രൂപ ബാധ്യതയുമുണ്ട്. ആ രൂപയുടെ ബാധ്യത നിലനിൽക്കുമ്പോൾ, തനത് ഫണ്ടിൽ അവശേഷിച്ചത് 3019142 രൂപ മാത്രമാണ്. തന നിക്ഷേപിക്കുന്ന പ്രത്യേക ഉദ്ദേശ്യ ഗ്രാന്റുകൾ തനത് ഫണ്ടിന്റെ കുറവ് മൂലം വകമാറ്റി ചെലവഴിക്കേണ്ടതായി

അധികാര വികേന്ദ്രീകരണത്തിന്റെ ഫലമായി തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് കൂടുതൽ ച ഉത്തരവാദിത്വങ്ങളും കൈവന്നിട്ടുണ്ട്. ഈ ചുമതലകളും, ഉത്തരവാദിത്വങ്ങളും കാര്യക്ഷമമായി നിർവ്വഹി കൂടുതൽ വിഭവങ്ങൾ ആവശ്യമാണ്. ദൈനംദിന ചെലവുകൾ വർദ്ധിക്കുമ്പോഴും അതിനനുസൃതമായ വർദ്ധനവ് ഉണ്ടാകുന്നില്ല. നികുതി നികുതിയേതര വരുമാനം പൂർണ്ണമായും പിരിച്ചെടുക്കേണ്ടതാ നികുതിയിൻമേൽ സേവന നികുതി ഈടാക്കുവാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്. സംയുക്ത പരിശോ പൊതുടാപ്പുകളുടെ എണ്ണം നിജപ്പെടുത്തേണ്ടതും ഗാർഹിക കണക്ഷൻ എടുക്കുന്ന ഗുണഭോക്താക്കൾക്ക അനുവദിച്ച് പൊതുടാപ്പുകളുടെ എണ്ണം കുറയ്ക്കേണ്ടതുമാണ്. തെരുവിളക്കുകളുടെ മീറ്ററിംഗ് പൂർത്തീകരിക്കുവാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്. പഞ്ചായത്തിന്റെ അനിവാര്യ ചുമതലക പ്രവർത്തനങ്ങൾ എന്നിവ കാര്യക്ഷമമായി നിർവ്വഹിക്കേണ്ടതിനാൽ തനത് വരുമാനം വർദ്ധിപ്പിക്കുന്നതിന ചുരുക്കുന്നതിനും അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-16 ഗ്രാമപഞ്ചായത്ത് ഗുരുതര സാമ്പത്തിക പ്രതിസന്ധിയിൽ

ജീവനക്കാർക്ക് യഥാസമയം ശമ്പളം നൽകുവാൻപോലും കഴിയാത്ത തരത്തിൽ ഗ്രാമപഞ്ചായത്ത് ഗുരുതര സ പ്രതിസന്ധി നേരിടുകയാണ്. തനത് ഫണ്ടിന്റെ 2022 മാർച്ച് 1-ാം തീയതിയിലെ നീക്കിയിരിപ്പിന്റെ വിശദാം ചേർക്കുന്നു.

| | |
|---|---|
| എസ്.ബി.റ്റി. | 368043 |

| | |
|---|---|
| എൽ.ജി. റ്റി.എസ്.ബി. | 141407 |
| എസ്.ബി.റ്റി.-ഇ പേയ്മെന്റ് | 8520 |
| **ആകെ** | **517970** |

ഡി.എ. അരിയർ ഇനത്തിൽ ജീവനക്കാർക്ക് നൽകേണ്ട 1121108 രൂപ കെ.പി.ഇ.പി.എഫ്. അക്കൗണ്ടിലേയ്ക്ക് പെൻഷൻ കോൺട്രീബ്യൂഷൻ ഇനത്തിൽ മൂന്ന് മാസത്തെ തുക ഒടുക്കുവാൻ ബാക്കിയുണ്ട്. ലൈബ്രറി സെസ്സ് 395710 രൂപ ഒടുക്കുവാനുണ്ട്. സാമൂഹ്യ സുരക്ഷാ പെൻഷൻ ഫണ്ടിലേയ്ക്ക് തിരികെ ഒടുക്കുവാനുള്ള അടവാക്കിയിട്ടില്ല. തനത് ഫണ്ടിൽ ഐ.സി.ഡി.എസ്.സെൻട്രൽ ഷെയർ ഇനത്തിൽ 781493 രൂപയും ശുചി ഫണ്ടിനത്തിൽ 2848686 രൂപയും 01/03/2022-ന് നീക്കിയിരിപ്പ് ഉണ്ടാകേണ്ടതുണ്ട്.

തനത് വരുമാനം എസ്റ്റാബ്ലിഷ്മെന്റ് ചെലവുകൾ നടത്തുന്നതിന് പോലും പര്യാപ്തമാകുന്നില്ല. 2020- കോവിഡുമായി ബന്ധപ്പെട്ട ചെലവുകൾ ഗ്രാമപഞ്ചായത്തിന് അധിക ബാദ്ധ്യതയുണ്ടാക്കി. തനത് ഫണ്ട് അ നിക്ഷേപിച്ചിരിക്കുന്ന പ്രത്യേക ഗ്രാന്റുകൾ വകമാറ്റിയാണ് എസ്റ്റാബ്ലിഷ്മെന്റ്/അഡ്മിനിസ്ട്രേറ്റീവ് ചെ നടത്തിവരുന്നത്.

## 1-17 സാമൂഹ്യസുരക്ഷാ പെൻഷൻ - അപാകതകൾ

1) അനർഹമായി കൈപ്പറ്റിയ തുക തിരികെ ഈടാക്കിയത് സോഷ്യൽ സെക്യൂരിറ്റി പെൻഷൻ ലി അക്കൗണ്ടിലേയ്ക്ക് ഒടുക്ക് വരുത്തിയിട്ടില്ല

ഗ്രാമപഞ്ചായത്തിൽ മരണം രജിസ്റ്റർ ചെയ്യപ്പെട്ട പെൻഷൻ ഗുണഭോക്താക്കളെ യഥാസമയം പെൻഷൻ ഡേ നിന്നും ഒഴിവാക്കാതിരുന്നത് മൂലം ഗുണഭോക്താക്കളുടെ ബാങ്ക് അക്കൗണ്ടിലേയ്ക്ക് അനർഹമായി പെ കൈമാറാനിടയായിട്ടുണ്ട്. ഇപ്രകാരം അധികം നൽകിയ തുക തിരികെ ഒടുക്കുന്നതിനായി കത്ത് നൽക അടിസ്ഥാനത്തിൽ അവകാശികൾ ഗ്രാമപഞ്ചായത്തിൽ തിരികെ ഒടുക്കിയ തുക നാളിതുവരെ സോഷ്യൽ സെ പെൻഷൻ ലിമിറ്റഡിന്റെ അക്കൗണ്ടിലേയ്ക്ക് തിരികെ ഒടുക്കിയിട്ടില്ല. വിശദാംശം ചുവടെ ചേർക്കുന്നു.

| ഗുണഭോക്താവിന്റെ പേര് | തിരികെ ഒടുക്കിയ തുക | രസീത് നം/തീയതി |
|---|---|---|
| ഈശോ മത്തായി, മൂശ്ശാരിശ്ശേരിൽ | 42000 | 119040102988/02.03.2020 |
| | | |

| | | |
|---|---|---|
| വി.കെ.കുഞ്ഞുകുഞ്ഞ്, വിളയിൽ | 30200<br>4000 | 119030103000/03.03.2020<br>120040100108/27.05.2020 |
| ആകെ | 76200 | |

തുക തിരികെ ഒടുക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

2)ചുവടെ ചേർക്കുന്ന ഗുണഭോക്താക്കൾ മരണപ്പെട്ടശേഷവും അക്കൗണ്ടിലേയ്ക്ക് നൽകിയ പെൻ അവകാശികളിൽ നിന്നും ഈടാക്കുന്നതിന് കത്ത് നൽകുകയും മൂന്ന് ഗഡുക്കളായി ഒടുക്കുന്നതിന് നൽകുകയും ചെയ്തിരുന്നു. ഈ തുക നാളിതുവരെ പൂർണ്ണമായും തിരികെ ഈടാക്കിയിട്ടില്ല. ഈടാക്കിയ തുക സെക്യൂരിറ്റി പെൻഷൻ ലിമിറ്റഡിന്റെ അക്കൗണ്ടിലേയ്ക്ക് ഒടുക്ക് വരുത്തിയിട്ടുമില്ല. വിശദാംശം ചുവടെ ചേ

| ഗുണഭോക്താവിന്റെ പേര് | പെൻഷൻ ഐ.ഡി | മരണപ്പെട്ട തീയതി | അനർഹമായി കൈപ്പറ്റിയ പെൻഷൻതുക | ഗ്രാമപഞ്ചായത്തിൽ ഒടുക്കിയ തുക | രസീത് നം/ തീയതി | ഈടാക്കുവാൻ അവശേഷിക്കു തുക |
|---|---|---|---|---|---|---|
| ശാന്തമ്മ എ.ജി. | 104090200407 | 15/12/2017 | 22400 | 7500 | 1200100527/19.11.20 | 14900 |
| ഏലിയാമ്മ മത്തായി | | 03/03/2020 | 16500 | 6000 | 1200100836/08.01.2021 | 10500 |
| ലില്ലി | 104090600170 | 11/11/2017 | 4400 | 2000 | 1200100661/11.12.2020 | 2200 |

ഈ വിഷയത്തിൽ അടിയന്തിര തുടർനടപടികൾ സ്വീകരിച്ച് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

3) സഹകരണ ബാങ്ക് മുഖേന ഡയറക്ട് റ്റു ഹോം രീതിയിൽ പെൻഷൻ കൈപ്പറ്റുന്ന ഗുണഭോക്താക്കൾ മ ഇക്കാര്യം ഡി.ബി.റ്റി.-യിൽ രേഖപ്പെടുത്തണമെന്ന് നിർദ്ദേശമുണ്ട്. പെൻഷൻ വിതരണം നടത്തുന്ന സ്ഥാപനങ്ങൾ മരണപ്പെട്ടവരുടെ വിവരങ്ങൾ ഓരോ പെൻഷൻ വിതരണത്തിന് ശേഷവും ബന്ധപ്പെട്ട സർക്കാരുകളെ അറിയിക്കണമെന്നും പ്രാദേശിക സർക്കാർ സെക്രട്ടറിമാർ അന്വേഷണത്തിന് ശേഷം അ പെൻഷൻ ഡേറ്റ ബേസിൽ നിന്നും ഒഴിവാക്കണമെന്നും സർക്കാർ നിർദ്ദേശിച്ചിരുന്നു. എന്നാൽ ചില ബാങ്കുകൾ ഗുണഭോക്താക്കൾ മരണപ്പെട്ടാൽ ആ വിവരം ഡി.ബി.റ്റിയിൽ രേഖപ്പെടുത്തുകയോ ഗ്രാമപഞ്ച അറിയിക്കുകയോ ചെയ്യുന്നില്ല. പെൻഷൻ തുക ഗുണഭോക്താക്കൾക്ക് കൈമാറിയതിന്റെ രേഖപ്പെടുത്താത്തതിന്റെ ഏതാനും ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ഗുണഭോക്താവിന്റെ പേര് | പെൻഷൻ ഐ.ഡി. | പെൻഷൻ വിതരണത്തിന്റെ വിശദാംശം ഡി.ബി.റ്റിയിൽ | സഹകരണ ബാങ്കിൽ ശേഷിക്കുന്ന തുക |
|---|---|---|---|

| | | | |
|---|---|---|---|
| | | രേഖപ്പെടുത്താത്ത കാലയളവ് | |
| കുഞ്ഞമ്മ വർഗ്ഗീസ് | 104090200473 | 5/2020-2/2022 | 34100 |
| സരസ്വതിയമ്മ | 104090600031 | 11/2021-2/2022 | 6400 |
| സി.എം.ഡേവിഡ് | 104090200084 | 5/2020-2/2022 | 34100 |

ശ്രീ.സി.എം.ഡേവിഡ്, സരസ്വതിയമ്മ എന്നിവർ മരണപ്പെട്ടു എന്ന് അന്വേഷണത്തിൽ അറിയാൻ സാധിച്ചു അക്കൗണ്ട് സസ്പെൻഡ് ചെയ്തിട്ടില്ല. ഇത്തരത്തിൽ ഡി.ബി.റ്റിയിൽ പെൻഷൻ വിതരണത്തിന്റെ രേഖപ്പെടുത്താത്ത അക്കൗണ്ടുകൾ പരിശോധിച്ച് തുടർനടപടികൾ സ്വീകരിക്കേണ്ടതും സഹകരണ ശേഷിക്കുന്ന തുക കേരള സോഷ്യൽ സെക്യൂരിറ്റി പെൻഷൻ ലിമിറ്റഡിന്റെ അക്കൗണ്ടിലേയ്ക്ക് തിരികെ നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

4)പെൻഷൻ ഗുണഭോക്താക്കൾ മറ്റ് തദ്ദേശ സ്ഥാപന പരിധിയിൽ മരണപ്പെട്ടാൽ അങ്ങനെയുള്ളവരുടെ അങ്കണവാടി/ആശാ വർക്കർമാർ മുഖേന ശേഖരിച്ച് അതാത് മാസം പെൻഷൻ ഡേറ്റബേസിൽ നിന്നും ഒഴി പ്രാദേശിക സർക്കാർ സെക്രട്ടറിമാർ ബാധ്യസ്ഥരാണന്ന് സ.ഉ(എം.എസ്)97/2020/ധന തീ.23.09.2020നമ്പർ വ്യക്തമാക്കിയിരുന്നു. ഇതനുസരിച്ച് തുടർനടപടികൾ സ്വീകരിക്കേണ്ടതാണ്.

മരണപ്പെട്ടവരേയും അനർഹരായവരേയും പെൻഷൻ ഗുണഭോക്തൃലിസ്റ്റിൽ നിന്നും സമയബ ഒഴിവാക്കുന്നതിന് നിരവധി ഉത്തരവുകളും സർക്കുലറുകളും ധനകാര്യ വകുപ്പ് പുറപ്പെടുവിച്ചിട്ടുണ്ട്. ഇക ആവശ്യമായ തുടർ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-18 പതിനഞ്ച് വർഷങ്ങൾ കഴിഞ്ഞിട്ടും വാങ്ങിയ വസ്തു പേരിൽക്കൂട്ടിയില്ല

മണ്ണാറക്കുളഞ്ഞിയിലെ 83ാം നമ്പർ അങ്കണവാടി സ്ഥിതി ചെയ്യുന്ന 3 സെന്റ് വസ്തു ശ്രീ ബാബു കെ.ചാ വ്യക്തിയിൽ നിന്നും 29.03.2007-ൽ ഗ്രാമപഞ്ചായത്ത് വിലയ്ക്ക് വാങ്ങിയതാണ്. തീറാധാരം ഗ്രാമപ സൂക്ഷിച്ചിട്ടുണ്ട്. വസ്തുവിന്റെ വിവരം ആസ്തി രജിസ്റ്ററിൽ ഉൾപ്പെടുത്തിയിട്ടുമുണ്ട്. എന്നാൽ റവന്യൂ രേഖകളി ഇപ്പോഴും ശ്രീ ബാബു കെ. ചാക്കോയുടെ പേരിൽ തന്നെയാണ്. വസ്തു വാങ്ങി 15 വർഷങ്ങൾ ക ഗ്രാമപഞ്ചായത്തിന്റെ പേരിൽക്കൂട്ടി കരം ഒടുക്കാതിരുന്നത് തുടർനടപടികൾക്കായി ശ്രദ്ധയിൽപ്പെടുത സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക്(13/11/03.2022) മറുപടി ലഭ്യമാക്കിയിട്ടില്ല. ഈ വിഷയത്തിൽ തുടർനടപടികൾ സ്വീകരിച്ച് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-19 പബ്ലിക് മാർക്കറ്റിനായി വാങ്ങിയ ഭൂമി- വിസ്തീർണ്ണ വ്യത്യാസം പരിഹരിക്കുവാ നടപടിയില്ല

മണ്ണാറക്കുളഞ്ഞി പബ്ലിക് മാർക്കറ്റിന് വേണ്ടി വടക്കേതയ്യിൽ യോഹന്നാൻ തോമസ് എന്നയാളിൽ നിന്നും ച.മീറ്റർ(25 Cent) വസ്തു 1974-ൽ വിലയ്ക്ക് വാങ്ങിയിരുന്നു. വസ്തുവിന്റെ ആധാരം ഗ്രാമപഞ്ചായത്തിൽ സൂ എന്നാൽ ആസ്തി രജിസ്റ്റർ പ്രകാരം വസ്തുവിന്റെ വിസ്തീർണ്ണം 5 ആർ 34 ച. മീറ്റർ മാത്രമാണ്. മേക്കൊഴൂർ പബ്ലി സ്ഥിതി ചെയ്യുന്ന സ്ഥലം മാർത്തോമ പള്ളി ട്രസ്റ്റികളായ ശ്രീ.ചെറിയാൻ മുതൽ പേരിൽ നിന്നും 1972-ൽ ഗ്രാമ വിലയ്ക്ക് വാങ്ങിയതാണ്. തീറാധാര പ്രകാരം വാങ്ങിയ വസ്തു 50 സെന്റ് ആണ്( പഴയ സർവ്വേ നം.503/1.A.10 503/1/B-6-4.5സെന്റ്). എന്നാൽ ഗ്രാമപഞ്ചായത്തിലെ ആസ്തി രജിസ്റ്റർ പ്രകാരം വസ്തു 17 ആർ 66 M2 (43.6 സെന് രേഖപ്പെടുത്തിക്കാണുന്നത്. മൈലപ്ര വില്ലേജ് ഓഫീസിൽ നിന്നും ലഭ്യമാക്കിയ രേഖകൾ പ്രകാരം മണ്ണാ മാർക്കറ്റ്, മേക്കൊഴൂർ മാർക്കറ്റ് എന്നിവയുടെ വിസ്തീർണ്ണം യഥാക്രമം 5.5 ആർ, 17 ആർ എന്നിങ്ങനെയാണ്. മാ വിസ്തീർണ്ണ വ്യത്യാസം പരിഹരിക്കുവാൻ നടപടി സ്വീകരിച്ചിട്ടില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻ (14/11.03.2022) മറുപടി നൽകിയിട്ടില്ല. ഈ വിഷയത്തിൽ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതും തുടർനട വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

## 1-20 ഗ്രാമപഞ്ചായത്ത് ലൈബ്രറികൾ- അവലോകനം

സാംസ്കാരിക നിലയം/വായനശാല മണ്ണാറക്കുളഞ്ഞി, പഞ്ചായത്ത് വായനശാല മേക്കൊഴൂർ, പഞ്ചായത്ത് മൈലപ്ര എന്നീ മൂന്ന് ഗ്രന്ഥശാലകളാണ് മൈലപ്ര ഗ്രാമപഞ്ചായത്തിന്റെ നിയന്ത്രണത്തിലുണ്ടായിര ഗ്രന്ഥശാലകൾക്ക് സ്റ്റേറ്റ് ലൈബ്രറി കൗൺസിലിന്റെ അംഗീകാരമില്ല. രണ്ട് പാർട്ട് ടൈം ലൈബ്രേറി നിലവിലുള്ളത്. 2019-20 വർഷം ലൈബ്രറി രസീത് ഇനത്തിൽ വരവില്ല. പുസ്തക വിതരണ രജിസ്റ്ററിൽ പരിശേ മണ്ണാറക്കുളഞ്ഞിയിലുള്ള സാംസ്ക്കാരിക നിലയം 12/2019 വരെ പ്രവർത്തിച്ചിരുന്നു എന്നു വ്യക്തമായി. ഗ്രാമ ഓഫീസ് കെട്ടിടത്തിൽ പ്രവർത്തിച്ചിരുന്ന ലൈബ്രറി പുതിയ ഓഫീസ് കെട്ടിടം നിർമ്മിച്ചതിനുശേഷം ന സജ്ജീകരിച്ചിട്ടില്ല. മേക്കോഴൂർ വായനശാലയും വർഷങ്ങളായി പ്രവർത്തിക്കുന്നില്ല. പുസ്തകങ്ങൾ സുര സൂക്ഷിക്കുന്നതിനുൾപ്പടെ അടിസ്ഥാന സാകര്യങ്ങളുടെ കുറവുണ്ട്. മൂന്ന് വായനശാലകൾക്കുമായി 2019-20 ന രൂപയുടെ പുസ്തകങ്ങൾ തിരുവല്ല കറന്റ് ബുക്സിൽ നിന്നും വാങ്ങിയിട്ടുണ്ട്. ഗ്രാമപഞ്ചായത്ത് സ്റ്റോക്ക് രജിസ്റ്റ ഈ പുസ്തകങ്ങളിൽ മണ്ണാറക്കുളഞ്ഞി വായനശാലയ്ക്ക് നൽകിയത് ബന്ധപ്പെട്ട സ്റ്റോക്ക് രജിസ്റ്ററിൽ ചേർത്തിട്ടു വായനശാലകൾക്കുമായി നൽകിയ പുസ്തകങ്ങളുടെ ലിസ്റ്റ് സൂക്ഷിച്ചിട്ടുണ്ടെങ്കിലും സജ്ജീകരിക്കാത്തതിനാൽ ബന്ധപ്പെട്ട സ്റ്റോക്ക് രജിസ്റ്ററിൽ ചേർത്തിട്ടില്ല. വായനശാല സജ്ജീകരിക്കാതെ ഓഫീസിലെ അലമാരയിൽ സൂക്ഷിക്കുന്നത് അനുചിതമാണ്. ടി ലൈബ്രറികളുടെ നടത്തിപ്പും പ പഞ്ചായത്തിന്റെ നിയന്ത്രണത്തിലായിരിക്കേ വായനശാലകൾ പ്രവർത്തിക്കുന്നതിനുള്ള അടിസ്ഥാന സൗക

നൽകാത്തത് അധികൃതരുടെ ഭാഗത്തു നിന്നുണ്ടായ വീഴ്ചയാണ്. മണ്ണാറക്കുളഞ്ഞി ലൈബ്രറിയിൽ 802 പുസ്തക
രണ്ട് വായനശാലകളിലുമായി ആയിരത്തോളം പുസ്തകങ്ങളുമുണ്ട്. അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കി വായ
സജ്ജീകരിക്കേണ്ടതും സ്റ്റേറ്റ് ലൈബ്രറി കൗൺസിലിന്റെ അംഗീകാരം വാങ്ങി വാർഷിക
നേടിയെടുക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

## 1-21 വന്യമൃഗങ്ങളിൽ നിന്നും കൃഷി സംരക്ഷിക്കൽ- ലഭിച്ച ഫണ്ട് പ്രയോജനപ്പെടുത്തിയില്ല

കൃഷി ഓഫീസർ നിർവ്വഹണ ഉദ്യോഗസ്ഥയായി 2019-20 വർഷം വന്യമൃഗങ്ങളിൽ നിന്നും കൃഷി സംരക്ഷിക്ക
എന്ന പ്രോജക്ട് ആവിഷ്കരിച്ചിരുന്നു. തനത് ഫണ്ടിൽ നിന്നും 50000 രൂപയും ബ്ലോക്ക് വിഹിതം 7ലക്ഷം രൂപയും ഗ
വിഹിതം 750000 രൂപയും വകയിരുത്തി പ്രോജക്ട് ആവിഷ്കരിച്ചുവെങ്കിലും നടപ്പിലായില്ല. പ്രോജക്ടിനായി ഗ്രാമ
ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുകയോ സ്പിൽ ഓവർ പ്രോജക്ടായി ഉൾപ്പെടുത്തുകയോ ചെയ്തിട്ടില്ല. ഇതിന
പഞ്ചായത്തിൽ നിന്നും 17/08/19-ൽ ലഭിച്ച 7 ലക്ഷം രൂപ സംയുക്ത പദ്ധതികൾക്കായുള്ള ട്രഷറി അ
ശേഷിക്കുകയാണ്. വന്യമൃഗങ്ങൾ മൂലമുള്ള കൃഷി നാശം ഗ്രാമപഞ്ചായത്തിൽ രൂക്ഷമാണ്. വന്യമൃഗങ്ങ
കർഷകരുടെ വിളകളെ സംരക്ഷിക്കുന്നതിന് തദ്ദേശ സ്വയം ഭരണ വകുപ്പും വനം വന്യജീവി വകുപ്പും സം
പ്രവർത്തനങ്ങൾ നടത്തണമെന്ന് സർക്കാർ നിർദ്ദേശവുമുണ്ട്. ഈ വിഷയത്തിൽ തുടർനടപടികൾ സ്വീകര
ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-22 ട്രഷറി അക്കൗണ്ടിൽ ചെലവഴിക്കാതെ ശേഷിക്കുന്നത് 26.5ലക്ഷം രൂപ

സംയുക്ത പ്രോജക്ടുകളുടെ നിർവ്വഹണത്തിനായി ജില്ല/ബ്ലോക്ക് പഞ്ചായത്തുകളിൽനിന്നും ലഭിക
നിക്ഷേപിക്കുന്നതിന് പഞ്ചായത്ത് ആരംഭിച്ചിട്ടുള്ള സ്പെഷ്യൽ ടി.എസ്.ബി. അക്കൗണ്ടിൽ 2653839 രൂപ വർ
ചെലവാകാതെ അവശേഷിക്കുന്നുണ്ട്. 2019-20 വരെ ബ്ലോക്ക് പഞ്ചായത്ത്/ജില്ലാ പഞ്ചായത്ത് വിഹിതം ഇനത്ത
അക്കൗണ്ടിലേയ്ക്ക് നൽകിയ തുകയാണ് ഇപ്രകാരം ചെലവഴിക്കാതെ ശേഷിക്കുന്നത്.

സംയുക്ത പ്രോജക്ടുകളുടെ വിഭവ വിനിയോഗത്തിന് 23.01.2017-ലെ ജി.ഒ.(പി.)നം.07/2017/ധന. നമ്പർ ഉത്തര
ധനവകുപ്പ് പുറപ്പെടുവിച്ച മാർഗ്ഗരേഖ പ്രകാരം സംയുക്ത പ്രോജക്ടുകൾക്ക് ലഭിക്കുന്ന തുക അതേവർഷം ചെ
കഴിയില്ലെങ്കിൽ ഫെബ്രുവരി 28-നകം തുക നൽകിയ തദ്ദേശഭരണ സ്ഥാപനത്തിന് തിരികെ നൽകണം.
വർഷാന്ത്യത്തിൽ സംയുക്ത പ്രോജക്ടിന്റെ നിർവ്വഹണ ചുമതലയുള്ള തദ്ദേശഭരണ സ്ഥാപനത്തിന്റെ
സ്പെഷ്യൽ ടി.എസ്.ബി. അക്കൗണ്ടിൽനിന്നുള്ള ചെലവും, ട്രഷറി തുകയും തമ്മിൽ പൊരുത്തപ്പെടു
അക്കൗണ്ടിൽ ചെലവാകാതെ അവശേഷിക്കുന്ന തുക സർക്കാരിലേക്ക് സറണ്ടർ ചെയ്യേണ്ടതുമാണ്. പൂർത്ത
സംയുക്ത പ്രോജക്ടുകൾക്കുള്ള സ്പിൽഓവർ ബാദ്ധ്യത പ്രോജക്ടിന് പങ്കാളിത്തം വഹിക്കുന്ന തദ്ദേശസ

തങ്ങൾക്ക് തുടർന്നു വരുന്ന വർഷം ലഭിക്കുന്ന അലോട്ട്മെന്റിൽനിന്നും വകയിരുത്തേണ്ടതുമാണ്. സ്പെഷ്യൽ ടി.എസ്.ബി. അക്കൗണ്ടിൽ തുക ക്രഡിറ്റ് ചെയ്യുന്നതിനു മുമ്പായി അക്കൗണ്ട് ശൂന്യമാണെന്ന് ട്രഷറി ഓഫീസർമാർ ഉറപ്പുവരുത്തണമെന്നും ടി ഉത്തരവിൽ സർക്കാർ നിഷ്കർഷിച്ചിട്ടുണ്ട്. സർക്കാർ നി പാലിക്കാത്തതിനാൽ സംയുക്ത പ്രോജക്ടുകൾക്കായി ലഭിച്ച തുക ട്രഷറി അക്കൗണ്ടിൽ ശേ തുടർനടപടികൾക്കായി ഭരണവകുപ്പിന്റെ ശ്രദ്ധയിൽപ്പെടുത്തുന്നു.

## 1-23 ഗുണഭോക്തൃവിഹിതം തിരികെ നൽകിയതിന് കൈപ്പറ്റ് രേഖയില്ല

വെറ്ററിനറി സർജൻ നിർവ്വഹണ ഉദ്യോഗസ്ഥനായി 2018-19 വർഷം നടപ്പിലാക്കിയ മുട്ടക്കോഴിയും കൂടും വിതര എന്ന പ്രോജക്ട് പ്രകാരം ഗുണഭോക്തൃവിഹിതമിനത്തിൽ അധികമായി വാങ്ങിയ 36000 രൂപ ഗ്രാമ കമ്മിറ്റിയുടെ 30/03/19-ലെ 5(1) നം. തീരുമാന പ്രകാരം വെറ്ററിനറി സർജന് തിരികെ നൽകിയി നം.485437/24.05.2019). ഈ തുക ഗുണഭോക്താക്കൾക്ക് തിരികെ നൽകിയതിന്റെ രേഖകൾ ഹാജരാക്കി സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (16/11.03.2022) മറുപടിയായി ബന്ധപ്പെട്ട നിർവ്വഹണ ഉദ്യേ അറിയിച്ച് രേഖകൾ അടിയന്തിരമായി പരിശോധനയ്ക്കായി ലഭ്യമാക്കുമെന്ന് മറുപടി നൽകിയിട്ടുണ്ട്. അഭാവത്തിൽ ഈ ഇനത്തിലുള്ള ചെലവ് 36000 രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. ഗുണഭോക്താ കൈപ്പറ്റിയതിന്റെ രേഖകൾ ഹാജരാക്കി ഓഡിറ്റ് തടസ്സം തീർപ്പാക്കേണ്ടതാണ്.

## 1-24 ലൈഫ് ഭവന പദ്ധതി- ഭവന നിർമ്മാണം പൂർത്തീകരിച്ചില്ല

ലൈഫ് ഭവന പദ്ധതി രജിസ്റ്റർ പ്രകാരം ഷീബ( മുരുപ്പേൽ, കുമ്പഴ വടക്ക്, വാർഡ്-8) എന്ന വ്യക്തിക്ക് 200000 പദ്ധതി പ്രകാരം ധനസഹായം നൽകിയിട്ടുണ്ട്. എന്നാൽ ടിയാൾ നാളിതുവരെ പണി പൂർത്തീകരിച്ചിട്ടില്ല നൽകിയ ധനസഹായത്തിന്റെ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം | ബിൽ നം/ചെക്ക് നം/ തീയതി, തുക | നൽകിയ ധനസഹായം |
|---|---|---|
| 1 | 180502520121003547147/23.07.2018, 600000 | 40000 |
| 2 | 160044/29.03.2019, 780000 | 160000 |

രണ്ട് ഗഡു ധസസഹായം നൽകി 3 വർഷം ആയിട്ടും പണി പൂർത്തീകരിച്ചിട്ടില്ല. 11.11.2019ലും നിർവ്വഹണോദ്യോഗസ്ഥനും 1.10.2020, 19.02.22എന്നീ തീയതികളിൽ സെക്രട്ടറിയും ഗുണഭോക്താവിന് അയച്ചിട്ടുണ്ട്. എന്നാൽ തുടർ നടപടികൾ സ്വീകരിച്ചിട്ടില്ല. ടി. ഗുണഭോക്താവ് ഭവന

പൂർത്തീകരിക്കുന്നതിനാവശ്യമായ തുടർനടപടികൾ സ്വീകരിക്കേണ്ടതാണ്. ഗുണഭോക്താവ് പൂർത്തീകരിക്കാത്ത പക്ഷം തുക തിരികെ ഈടാക്കേണ്ടതും വിവരം അറിയിക്കേണ്ടതുമാണ്.

## 1-25 ബാലസഭ-തുക ചെലവഴിച്ചില്ല

20/20-ാം നമ്പർ പ്രോജക്ട് പ്രകാരം വി.ഇ.ഒ, സി.ഡി.എസ്സ് അക്കൗണ്ടിലേക്ക് 25000 രൂപ ബാലസഭാ പ്രവർത്തന കൈമാറിയിട്ടുണ്ട്. (ബിൽ നം/തീയതി - 190502520121003366688/12.07.2019). എന്നാൽ ആയതിന്റെ ചെലവ ഹാജരാക്കിയിരുന്നില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടിയായി തുക ന ചെലവഴിക്കാതെ സി.ഡി.എസ്സ് അക്കൗണ്ടിൽ അവശേഷിക്കുന്നതായി അറിയിച്ചിട്ടുണ്ട്. ഈ തുക വരും വർഷ പ്രവർത്തനങ്ങൾക്ക് വിനിയോഗിച്ച് വിവരം അറിയിക്കേണ്ടതാണ്.

## 1-26 അഗതി രഹിത കേരളം-പദ്ധതി ലക്ഷ്യം കൈവരിച്ചില്ല

ആശ്രയ പദ്ധതിക്കായി വികസനഫണ്ട് 50000 രൂപയും ജില്ലാ പഞ്ചായത്ത് വിഹിതമായി 100000 രൂപയ നിർവ്വഹണോദ്യോഗസ്ഥനായി സി.ഡി.എസ്സിന് കൈമാറിയിരുന്നു. തൻ വർഷം മുന്നിരിപ്പായി അ 2451499രൂപ(പദ്ധതി വിഹിതം 1719000 ഉൾപ്പെടെ ) അവശേഷിച്ചിട്ടുണ്ട്. 2019-20 വർഷത്തെ ഫയൽ പരിശോധി മെയിന്റനൻസിനായി 300000രൂപ, ഭക്ഷണത്തിന് 102247രൂപ, മെഡിക്കൽ ക്യാമ്പിന് 6150 രൂപ, മറ്റ് ചെലവുകൾ എന്നിങ്ങനെ തുക ചെലവഴിച്ചിട്ടുണ്ട്. തൻ വർഷം കേവലം 5 പ്രാവശ്യം മാത്രമാണ് ഭക്ഷണ വിതരണം നടന്നിട്ടു

സാമ്പത്തിക വർഷാവസാനം 2257470രൂപ (പദ്ധതി വിഹിതം 1569000 ഉൾപ്പെടെ) അക്കൗണ്ടിൽ നീക്കി ഭക്ഷണത്തിനും മെയിന്റനൻസിനും മെഡിക്കൽ ക്യാംപിനുമായി നാമമാത്രമായ തുക മാത്രമാണ് ചെലവഴ അതിജീവനാവശ്യങ്ങൾ, അടിസ്ഥാന സൗകര്യം, വികസനാവശ്യങ്ങൾ എന്നിവ ഉൾപ്പെടുത്തി അ ജീവിതത്തിൽ സമഗ്രമായ ഉന്നമനത്തിനാണ് പദ്ധതി ലക്ഷ്യമിട്ടിട്ടുള്ളതെങ്കിലും പദ്ധതി ലക്ഷ്യം കൈ വിഷയം അധികൃതരുടെ ശ്രദ്ധയിൽപ്പെടുത്തുന്നു.

## 1-27 സെൽഫ് ഡിക്ലറേഷൻ ഫോം ഹാജരാക്കിയില്ല

മരാമത്ത് പ്രവൃത്തികളുടെ കരാറുകാർ GST രജിസ്ട്രേഷൻ എടുത്ത് ടെണ്ടറിനൊപ്പം ഹാജരാക്കേണ്ടതാ (അച്ചടി) നം:87/2017/തസ്വഭവ, 01.11.2017 നമ്പർ ഉത്തരവിൽ നിഷ്ക്കർഷിച്ചിട്ടുണ്ട്. കരാറുകാർക്ക് GST കോമ്പ ക്ലെയിം ചെയ്യുന്നതിന് അവരുടെ GST നമ്പർ, മേൽവിലാസം എന്നിവ ഉൾപ്പെടുത്തി ഒരു സെൽഫ് ഡ നൽകണമെന്നു കൂടി 29.09.18 തീയതിയിലെ സ.ഉ. (സാധാ) നം: 2532/2018/തസ്വഭവ, നമ്പർ ഉത്തര നിർദ്ദേശിച്ചിട്ടുണ്ട്. സെൽഫ് ഡിക്ലറേഷന്റെ മാതൃകയും ഉത്തരവിനോടൊപ്പം ചേർത്തിട്ടുണ്ട്. ഓഡി പഞ്ചായത്തിൽനിന്നും ജി.എസ്.ടി. കോമ്പൻസേഷൻ കൈപ്പറ്റിയിട്ടുള്ള മരാമത്ത് പ്രവൃത്തികളുടെ കരാറ

പറഞ്ഞ പ്രകാരമുള്ള സെൽഫ് ഡിക്ലറേഷൻ ഫാറം ഹാജരാക്കിയിട്ടില്ല. ജി.എസ്.ടി. കോമ്പൻസേഷൻ ന
കരാറുകാരിൽ നിന്ന് പ്രസ്തുത ഫാറം വാങ്ങി സൂക്ഷിക്കേണ്ടതാണ്.

## 1-28 വെള്ളക്കരം-സംയുക്ത പരിശോധന നടത്തുന്നില്ല.

വെള്ളക്കരമിനത്തിൽ 100 വാട്ടർ ടാപ്പുകൾക്കായി 43750 രൂപ പ്രതിമാസം പഞ്ചായത്ത് ഒടുക്കുന്നു. എന്ന
ടാപ്പുകളുടെ സംയുക്ത പരിശോധന നടത്താതെയാണ് വെള്ളക്കരം ഇനത്തിൽ തുക ചെലവഴിക്കുന്നത്. തനത
വളരെ കുറവായ പഞ്ചായത്തിൽ പ്രസ്തുത ഇനത്തിലെ പ്രതിമാസ ചെലവ് തനത് ഫണ്ട് ചോർച്ചയ്ക്ക് കാര
പാഴ്ചെലവ് ഒഴിവാക്കുന്നതിനായി വാട്ടർ അതോറിറ്റിയുമായി ചേർന്ന് സംയുക്ത പരിശോധന
പ്രവർത്തനരഹിതമായ ടാപ്പുകൾ ഒഴിവാക്കേണ്ടതും ഗാർഹിക കണക്ഷൻ പ്രോത്സാഹിപ്പിച്ച് വാട്ടർ ടാപ്പുക
പരമാവധി കുറയ്ക്കേണ്ടതുമാണ്. പ്രസ്തുത വിഷയത്തിൽ ഭരണസമിതിയുടെ ശ്രദ്ധ ക്ഷണിക്കുന്നു.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗ

ഇല്ല.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗ

ഇല്ല.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | ലഭിച്ച തുക | പ്രോജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|
| ജില്ലാ പഞ്ചായത്ത് | 200000 | പാലിയേറ്റീവ് കെയർ | 143560 | 56440 |
| | 100000 | ആശ്രയ | 100000 | |
| | 100000 | പൂരക പോഷകാഹാരം | 100000 | 0 |
| | 50000 | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ് | 50000 | 0 |
| | 729712 | ലൈഫ് ജനറൽ | 0 | 729712 |
| ബ്ലോക്ക് പഞ്ചായത്ത് | 1100000 | ലൈഫ് ജനറൽ | 500000 | 600000 |
| | 175000 | പൂരക പോഷകാഹാരം | 169561 | 5439 |
| | 500000 | സ്ട്രീറ്റ് മെയിൻ എക്സ്റ്റൻഷൻ | 0 | 500000 |
| | 100000 | സ്കോളർഷിപ്പ് | 100000 | 0 |
| | 300000 | പാലിന് സബ്സിഡി | 237168 | 62832 |

## 4-2 നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരം

നിക്ഷേപ പ്രവൃത്തികൾക്കായി 2019-20ൽ ചുവടെ ചേർക്കുന്ന പ്രോജക്ട് പ്രകാരം നിർവ്വഹണ ഏജൻസിക്ക് തുക നൽകിയിട്ടുണ്ട്. വിശദാംശം ചുവടെ ചേർക്കുന്നു.

| പ്രോജക്റ്റ് നം, പേര് | നിർവ്വഹണ ഏജൻസി | ബിൽ നം / തീയതി തുക | ഡെപ്പോസിറ്റ് ചെയ്ത തുക | ചെലവഴിച്ച തുക | ബാക്കിയുള്ള തുക | റിമാർക്ക്സ് |
|---|---|---|---|---|---|---|
| 28/20 സ്ട്രീറ്റ് മെയിൻ വലിക്കൽ | കെ.എസ്.ഇ.ബി | 59/20.08.2019 185850 233/12.03.2020 11749 | 197599 | 0 | 197599 | പൂർത്തീകരണ സാക്ഷ്യപത്രം ലഭ്യമാക്കിയില്ല. |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ്

ഇല്ല

## 4-4 വായ്പ/വായ്പാ തിരിച്ചടവ്

തൻവർഷം 400000 രൂപ വായ്പയിനത്തിൽ വരവുണ്ട്. ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർ
തിരിച്ചടയ്ക്കാൻ അവേശഷിക്കുന്ന തുകയുടെയും വിശദവിവരം ചുവടെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തിയ്യതി | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻ വർഷത്തേ തുൾപ്പടെ തിരിച്ചടയ്ക്കുവാനുണ്ടായിരുന്ന ആകെ വായ്പ തുക | തൻവർഷം തിരിച്ചടച്ച തുക | | വ ന തിരിച്ച ബാ |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ലൈഫ് ഭവന പദ്ധതി | GO(MS)100/2018/LSGD/30.07.2018 | 1480000 | 1880000 | 176471 | - | 1 |

## 4-5 സ്ഥിര നിക്ഷേപം

ഇല്ല

## 4-6 ഓഡിറ്റ് റിക്കവറി

ഇല്ല

## 4-7 സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ടിട്ടുള്ള ഖണ്ഡികകളുടെ വിശദാംശം

സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശം കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2001-02 | 3-8 | 2003-04 | 3.3.7 | പേഴുംകാട്ട് വട്ടാംകുഴി കലുങ്ക് നിർമ്മാണം | തീർപ്പാക്കിയിട്ടില്ല |

## 4-8 ചാർജ്ജ്/സർചാർജ്ജ് നടപടികളുടെ വിവരം

ഇല്ല

## 4-9 ഓഡിറ്റ് പ്രത്യവലോകനം

**(എ) സംക്ഷിപ്ത വിവരം**

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 35679811 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 29999927 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 36000 |

**(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം**

ഇല്ല

**ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക**

| ഖണ്ഡിക | തുക | ഉത്തരവാദിയായ ഉദ്യോഗസ്ഥൻ |
|---|---|---|
| 1-23 | 36000 | ഡോ. ഷീന ഗ്രേസ് കോശി, വെറ്ററിനറി സർജൻ |

(സി) **കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവയ്ക്കുണ്ടായ നഷ്ടത്തിന്റെ വിവരം**

ഇല്ല

(ഡി) **നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ**

ഇല്ല

**(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും മേൽവിലാസവും**

| പേര് | ഉദ്യോഗപ്പേര് | വിലാസം |
|---|---|---|
| ഡോ. ഷീന ഗ്രേസ് കോശി | വെറ്ററിനറി സർജൻ | മലയിൽ ഹൗസ്, കൊടുമൺ, പത്തനംതിട്ട |

## 4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 1997-98 | എൽ.എഫ്.പി.റ്റി.എ.പി2-194/02, തീയതി 15-01-2002 | 13 |
| 1998-99 | എൽ.എഫ്.പി.റ്റി.എ.പി2-673/01, തീയതി 13-11-2001/ 29-12-2001 | 7 |
| 2000-01 | എൽ.എഫ്.പി.റ്റി.എ.പി2-865/01, തീയതി 16-08-2002 | 3 |
| 2001-02 | എൽ.എഫ്.പി.റ്റി.എ.പി2-41/03, തീയതി 03-04-2003/ 29-11-03 | 1 |
| 2003-04 | എൽ.എഫ്.പി.റ്റി.എ.പി2-46/05, തീയതി 15.02.2005/12.08.2005 | 3 |
| 2004-05 | എൽ.എഫ്.പി.റ്റി.എ.പി2.727/06.12.11.2007 | - |
| 2005-06 | എൽ.എഫ്.പി.റ്റി.എ.പി5.747/08;10.01.2011 | - |

| | | |
|---|---|---|
| 2006-07 | എൽ.എഫ്.പി.റ്റി.എ.പി9.714/09;21.01.2011 | - |
| 2007-08 | എൽ.എഫ്.പി.റ്റി.എ.പി9-895/11, തീയതി 08.12.2011 | 14 |
| 2008-09 & 2009-10 | എൽ.എഫ്.പി.റ്റി.എ.പി9-866/12, തീയതി 11-12-2012 | 10 |
| 2010-11 | എൽ.എഫ്.പി.റ്റി.എ.പി9-423/13, തീയതി 06-09-2013/10-12-13 | 10 |
| 2011-12 | എൽ.എഫ്.പി.റ്റി.എ.പി9-424/13, തീയതി 11-09-2013/10-12-13 | 11 |
| 2012-13 | എൽ.എഫ്.പി.റ്റി.എ.പി9-1169/14, തീയതി 16.12.2014 | ഇല്ല |
| 2013-14 &2014-15 | കെ.എസ്.എ. പി.റ്റി.എ/പി9/329/2016; തീയതി:23.03.2016 | 2 |
| 2015-16 | കെ.എസ്.എ പി.റ്റി.എ.പി9/68/2017 തീയതി.10.02.2017 | 1 |
| 2016-17 | കെ.എസ്.എ പി.റ്റി.എ.പി9/1224/2017 തീയതി.04.11.2017 | എല്ലാ ഖണ്ഡികകളും |
| 2017-18 | കെ.എസ്.എ പി.റ്റി.എ.പി9/158/2019 തീയതി.01.03.2019 | 8 (2-1,2-2,3-2,3-4,3-9,3-10,4-7,4-10) |
| 2018-19 | കെ.എസ്.എ പി.റ്റി.എ.പി9/93/2020 തീയതി.11.03.20 | എല്ലാ ഖണ്ഡികകളും |

അവശേഷിക്കുന്ന റിപ്പോർട്ടുകളിലെ തടസ്സങ്ങൾ തീർപ്പാക്കാൻ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ

**ഡെപ്യൂട്ടി ഡയറക**

**കേരള സംസ്ഥാന ഓഡ**

**<u>അനുബന്ധം-1</u>**

**<u>ഓഡിറ്റ് സാക്ഷ്യപത്രം</u>**

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ പത്തനംതിട്ട ജില്ലയിലെ മൈലപ്ര ഗ്രാമപഞ്ചായത്തിന്റെ 2019-2020-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)
ജില്ലാ ഓഡിറ്റ് കാര്യാലയം, പത്തനംതിട്ട
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2
## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

പത്തനംതിട്ട ജില്ലയിലെ മൈലപ്ര ഗ്രാമപഞ്ചായത്തിന്റെ 2019-2020 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)
ജില്ലാ ഓഡിറ്റ് കാര്യാലയം, പത്തനംതിട്ട
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്